(c) The Head constable and the police constable concerned in the affair have been suspended for a month as specific punishment.

ശ്രീ. പോൾ തളിയത്തു്: അതു സംബന്ധിച്ചു് എതെങ്കിലും കേസു റജിസ്റ്റർ ചെയ്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഡിപ്പാർട്ടുമെണ്ടിൽനിന്നും സൂക്ഷ്മമായ അന്വേഷണം നടത്തി കുറ്റക്കാരെ ശിക്ഷിക്കുകയാണു് ചെയ്തതു്.

ശ്രീ. പോൾ തളിയത്തു്: മത്തായിയുടെ പരാതിയെ അടിസ്ഥാനമാക്കി അന്വേഷണം നടത്തിയതിൽ റിസവ്വിനെ സംബന്ധിച്ചു കാര്യങ്ങളിൽ ഗവൺമെണ്ടു് അവരെ രക്ഷിക്കുകയല്ലേ ചെയ്തതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ശരിയല്ല. പരാതിയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെക്കുറിച്ചു അന്വേഷണം നടത്തി കുറ്റക്കാരായി കണ്ടവരെ ഡിപ്പാർട്ടുമെൻറലായി ശിക്ഷിക്കുകയാണു് ചെയ്തിട്ടുള്ളതു്.

ശ്രീ. പോൾ തളിയത്തു്: കുറ്റക്കാരാണെന്നു കണ്ടപ്പോൾ അവരെ പ്രോസിക്യൂട്ടു ചെയ്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: പ്രോസിക്യൂട്ടു് ചെയ്തിട്ടില്ല, ഡിപ്പാർട്ടുമെണ്ടലായി ശിക്ഷിച്ചിട്ടുണ്ടു്.

ശ്രീ. പി. നാണു: അസാൾട്ടിനാണോ, റാബറിക്കാണോ അവരെ ശിക്ഷിച്ചിട്ടുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അവരുടെപേരിൽ തെളിഞ്ഞിട്ടുള്ള കുറ്റത്തിനാണു് ശിക്ഷിച്ചിട്ടുള്ളതു്.

ശ്രീ. പി. നാണു: എന്തു കുറ്റം ചെയ്തിട്ടുള്ളതായിട്ടാണു് തെളിഞ്ഞിരിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതേപ്പറ്റി ഇപ്പോൾ മറുപടി പറയേണ്ട ആവശ്യമില്ല.

Written Answers

ചീഫ് ജസ്റ്റീസു് മി. പുതുപ്പള്ളിയുടെ വയസ്സു് തിരുത്തൽ

* ൭൫൬. (൪൪) ശ്രീ. വി. കെ. വേലീസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ചീഫ് ജസ്റ്റീസ്സായിരുന്ന മി. പുതുപ്പള്ളി കൃഷ്ണപിള്ളയെ ഉദ്യോഗത്തിൽനിന്നും പിരിക്കുന്നതിനുണ്ടായ കാരണമെന്തു്;

(ബി) വയസ്സു് തിരുത്തൽ സംബന്ധിച്ചു അദ്ദേഹത്തിൻെറ പേരിൽ ഉണ്ടായ ആരോപണത്തിന്മേൽ എന്തു തീരുമാനം ഉണ്ടായി?

ശ്രീ. ടി കെ. നാരായണപിള്ള:

(എ) അദ്ദേഹം അടുത്തുണിനു് പ്രാരംഭമായിട്ടു് അവകാശമുള്ള അവധിയിൽ പ്രവേശിക്കുകയായിരുന്നു.

(ബി) അതിനെപ്പറ്റി അന്വേഷണം ആവശ്യമില്ലെന്നു തീരുമാനിച്ചു.

നെയ്യാറ്റിൻകര കച്ചേരിമാറ്റം

* ൭൫൭. (൪൫) ശ്രീ. ശങ്കരൻ നാടാർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) നെയ്യാറ്റിൻകര റജിസ്റ്റർ കച്ചേരി ഇട്ടിരിക്കുന്ന കെട്ടിടത്തിൽ, രണ്ടാംക്ലാസ്സ് മജിസ്ട്രേട്ട് കോടതി മാറ്റണമെന്നും, രജിസ്റ്റർ കച്ചേരി രണ്ടാംക്ലാസ്സ് മജിസ്ട്രേട്ടകോടതി സ്ഥാപിച്ചിരിക്കുന്ന കെട്ടിടത്തിലോ മറ്റൊരു മാറ്റി സ്ഥാപിക്കുന്നതു കക്ഷികൾക്കും വക്കീലന്മാർക്കും സൌകര്യമാണെന്ന മെമ്മോറിയൽ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു് എന്തു നടപടി എടുത്തു എന്നു പറയുവാൻ മയവുണ്ടാകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഉണ്ടു്.

(ബി) ഈ കാര്യം ഗവൺമെണ്ടിൻെറ പരിശോധനയിൽ ഇരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly